## 2023-TGC—ദൂത് മൂന്ന്—ജീവനിലുള്ള ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ജീവനിലുള്ള നമ്മുടെ പക്വതയിങ്കലേക്ക്
## നമ്മുടെ ഉള്ളിലുള്ള ജീവന്റെ ദിവ്യവിത്തിന്റെ വളർച്ചയ്ക്കുവേണ്ടി നമ്മുടെ ഹൃദയത്തോട് ഇടപെടുന്നു

**I. നമ്മുടെ ഉള്ളിലുള്ള ജീവന്റെ ദിവ്യവിത്തിന്റെ വളർച്ചയ്ക്കായി കർത്താവിന്റെ സാന്നിധ്യത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ആന്തരിക ഭാഗങ്ങളുടെ ആകത്തുകയായ, നമ്മുടെ പ്രധാന പ്രതിനിധി, കാര്യകർത്താവായ ഹൃദയത്തോടു നാം ഇടപെടണം**

**ഹൃദയത്തോട് ഇടപെടേണ്ടതിന്റെ പ്രാധാന്യം:**

A. ഹൃദയം, ദേഹിയുടെ—മനസ്സ്, വികാരം, ഇച്ഛാശക്തി—എന്നീ എല്ലാ ഭാഗങ്ങളോടുകൂടെയും—ആത്മാവിന്റെ ഒരു ഭാഗമായ മനസ്സാക്ഷിയുംകൂടി ചേരുന്ന ഒരു സംരചനയാണ്.

B. ഹൃദയം സജീവമാകുമ്പോൾ മാത്രമേ ആത്മാവിന്റെ വ്യായാമം കാര്യക്ഷമമാകുകയുള്ളൂ. ഹൃദയം നിസ്സംഗമാണെങ്കിൽ, ആത്മാവ് ഉള്ളിൽ തടവിലാക്കപ്പെടും.

C. ദേഹി വ്യക്തിതന്നെയാണ്, എന്നാൽ ഹൃദയം പ്രവർത്തനത്തിലുള്ള വ്യക്തിയാണ്; ഹൃദയം നമ്മുടെ മുഴുവൻ ആളത്തത്തിന്റെയും കാര്യകർത്താവ്, ദ്വാരപാലകനാണ്

D. നമ്മുടെ ദൈനംദിന ജീവിതം, നാം പ്രവർത്തിക്കുകയും പെരുമാറുകയും ചെയ്യുന്ന രീതി, നമുക്ക് ഏതുതരം മാനസിക ഹൃദയമാണ് ഉള്ളത് എന്നതിനെ ആശ്രയിച്ചിരിക്കുന്നു

E. ഹൃദയം ജീവന്റെ ആഗമനവും നിർഗമനവുമാണ്, ജീവന്റെ "സ്വിച്ച്" ആണ്; ഹൃദയം ശരിയല്ലെങ്കിൽ, ആത്മാവിലുള്ള ജീവൻ തടസ്സപ്പെടും; ജീവന് വലിയ ശക്തിയുണ്ടെങ്കിലും, ഈ മഹാശക്തി നമ്മുടെ ചെറിയ ഹൃദയത്താൽ നിയന്ത്രിക്കപ്പെടുന്നു

**II. നമ്മുടെ ഹൃദയത്തിൽ ജീവന്റെ വിത്തെന്ന നിലയിൽ ക്രിസ്തുവിന്റെ വളർച്ചയ്ക്ക് താഴെപ്പറയുന്ന സവിശേഷതകളോടെ നമ്മുടെ ഹൃദയം കാക്കപ്പെടേണ്ടതിന് അതിനോട് ഇടപെട്ടുകൊണ്ട് നാം കർത്താവുമായി സഹകരിക്കണം**

**ഹൃദയത്തിന് ഉണ്ടായിരിക്കേണ്ട സവിശേഷതകൾ:**

A. **ഹൃദയം മൃദുവായിരിക്കണം**—കർത്താവിന് കീഴ്പെടുകയും വഴങ്ങുകയും ചെയ്യുന്ന, ദുശ്ശാഠ്യവും മത്സരവുമില്ലാത്തതുമായ ഒന്നായിരിക്കണം

B. **ഹൃദയം ശുദ്ധമായിരിക്കണം**—ദൈവത്തെ സ്നേഹിക്കുകയും ദൈവത്തെ ആഗ്രഹിക്കുകയും ചെയ്യുന്ന, ദൈവത്തെകൂടാതെ മറ്റൊരു സ്നേഹമോ ചായിവോ ആഗ്രഹമോ ഇല്ലാത്ത ഒന്നായിരിക്കണം

C. **ഹൃദയം സ്നേഹമുള്ളതായിരിക്കണം**—കർത്താവുമായി വ്യക്തിപരവും ഹൃദ്യവും സ്വകാര്യവും ആത്മികവുമായ ബന്ധത്തോടുകൂടെ, ദൈവത്തെ സ്നേഹിക്കുകയും ദൈവത്തെ ആഗ്രഹിക്കുകയും ദൈവത്തിനായി ദാഹിക്കുകയും ദൈവത്തിനായി വാഞ്ഛിക്കുകയും ചെയ്യുന്ന ഒന്നായിരിക്കണം

D. **ഹൃദയം സമാധാനത്തിലായിരിക്കണം**—കുറ്റമില്ലാത്തതോ കുറ്റപ്പെടുത്താതോ നിന്ദക്കുകയോ ചെയ്യാത്ത മനസ്സാക്ഷിയുള്ള ഒന്നായിരിക്കണം

**III. ദൈവജീവൻ നമ്മുടെ ഹൃദയത്തിൽ നേരിടുന്ന തടസ്സങ്ങളെ നാം കാണണം**

**വസ്തുനിഷ്ഠമായ പ്രശ്നങ്ങൾ:**

A. **ഒന്നാമത്തെ പ്രശ്നം—നമ്മുടെ മാനുഷിക ധാരണകളുടെ അന്ധകാരം നാം തിരിച്ചറിയുന്നില്ല**—നമ്മിലുള്ള ജീവനുള്ള ക്രിസ്തുവിനെ നാം എങ്ങനെ പരിപാലിക്കുന്നു എന്നതാണ് എന്നതാണ് ക്രിസ്തീയ ജീവിതത്തിൽ ബാധകമായ ഏക കാര്യം

B. **രണ്ടാമത്തെ പ്രശ്നം—കപടത**—നമ്മുടെ സ്വാഭാവിക നന്മ വ്യാജ ആത്മികതയാണ്

C. **മൂന്നാമത്തെ പ്രശ്നം—മത്സരം**—ക്രിസ്തു നമ്മിൽ ജീവിക്കുകയും, നിരന്തരം നമുക്ക് നൽകുകയും ചെയ്യുന്ന ആന്തരികമായ ജീവബോധത്തെ അനുസരിക്കാത്തത്

D. **നാലാമത്തെ പ്രശ്നം—നമ്മുടെ സ്വാഭാവിക കഴിവ്**—നമ്മുടെ സ്വാഭാവിക കഴിവുകളെ നിന്ദിക്കുന്നതിനു പകരം, നാം അവയെ വിലമതിക്കുന്നു

E. ക്രിസ്തുവിന്റെ ജീവൻ നമ്മിൽ വിഘ്നം കൂടാതെ ആയിരിക്കണമെങ്കിൽ, നാം ക്രൂശിന്റെ തകർക്കൽ അനുഭവമാക്കി ഈ തടസ്സങ്ങളോട് ഇടപെടുവാനും അവയെ നീക്കം ചെയ്യുവാനും അനുവദിക്കണം

**IV. നമ്മുടെ ഹൃദയത്തിൽ ദൈവജീവൻ നേരിടുന്ന വ്യക്തിനിഷ്ഠമായ തടസ്സങ്ങളെ നാം കാണേണ്ടതുണ്ട്**

**വ്യക്തിനിഷ്ഠവും, അന്തഃസ്ഥിതവുമായ പ്രശ്നങ്ങൾ:**

A. **ഒന്നാമത്തെ പ്രശ്നം—നമ്മുടെ മനസ്സിന്റെ പ്രശ്നം**—നമ്മുടെ ചിന്തകളിൽ നിന്ന് ഉത്ഭവിക്കുന്ന കാര്യങ്ങൾ മതമാണ്

B. **രണ്ടാമത്തെ പ്രശ്നം—നമ്മുടെ ഇച്ഛയുടെ പ്രശ്നം**—നമുക്ക് ദൈവഹിതം അറിയാമെങ്കിലും നാം അതിന് കീഴ്പ്പെടുവാനും അനുസരിക്കാനും മനസ്സുള്ളവരല്ല

C. **മൂന്നാമത്തെ പ്രശ്നം—നമ്മുടെ വികാരത്തിന്റെ പ്രശ്നം**—ദൈവം ഇഷ്ടപ്പെടുന്നതിനെ ഇഷ്ടപ്പെടുകയും, ദൈവം വെറുക്കുന്നതിനെ വെറുക്കുകയും ചെയ്യുന്നില്ല

D. നമ്മുടെ ഹൃദയത്തിന്റെ പ്രധാന ഭാഗങ്ങളിൽ—നമ്മുടെ മനസ്സ്, ഇച്ഛ, വികാരത്തിൽ—ജീവൻ എന്ന നിലയിൽ ക്രിസ്തുവിന് തന്റെ ഭവനം പണിയുവാൻ തക്കവണ്ണം നാം അനുദിനം അകത്തെ മനുഷ്യനിലേക്ക് ശക്തിപ്പെടണം

**V. മനുഷ്യൻ തന്റെ ജീവൻ നേടുകയും തന്റെ ജീവനിൽ വളരുകയും പക്വത പ്രാപിക്കുകയും ചെയ്യുക എന്നതാണ് ഈ യുഗത്തിൽ ദൈവത്തിന്റെ കേന്ദ്രീയ വേല; നമ്മുടെ വേല കർത്താവിന്റെ ജീവനെ മറ്റുള്ളവർക്ക് നിവേശിപ്പിക്കുന്നതും പകരുന്നതും ആയിരിക്കണം; അവന്റെ ജീവനിൽ നിന്ന് പുറപ്പെടുന്ന വേലയ്ക്കു മാത്രമേ അവന്റെ ശാശ്വത നിലവാരത്തിലെത്തുവാനും അവനാൽ അംഗീകരിക്കപ്പെടാനും കഴിയുകയുള്ളൂ.**